തൃശൂർ പുത്തൻപള്ളി അണിഞ്ഞൊരുങ്ങി നിൽപ്പാണ്. വരുന്ന അതിഥി ചില്ലറക്കാരനല്ല. റോമിൽ നിന്നും പോപ്പിന്റെ പ്രതിനിധിയായാണ് അഭിവന്ദ്യപിതാവ് എത്തുന്നത്. പോപ്പ് വരുന്ന പോലെ തന്നെ. അന്നത്തെ ചടങ്ങുകൾക്ക് മനോഹാരിത കൂട്ടാനുള്ള ഒരുക്കങ്ങളുടെ ഭാഗമായി ദൂരെ നിന്ന് പോലും വന്നിരിക്കുകയാണ് പ്രഗത്ഭരായ സംഗീതജ്ഞർ, കൊയർ ഗ്രൂപ്പിൽ പങ്ക് കൊള്ളാൻ. അവർക്കിടയിൽ പിയാനോ വായിക്കാൻ വേറെ ആര് എന്ന ചോദ്യമില്ല, അത് ഇവിടെ സ്ഥിരം വായിക്കുന്ന ആൾ മതി, അതിനപ്പുറം ആര് വരാൻ...

പരിപാടി അവസാനിച്ചപ്പോൾ അതിഥിയായെത്തിയ ഒരു സംഗീതജ്ഞൻ യുവാവിനോട് ചോദിച്ചു, "സ്റ്റേജ് പരിപാടികൾക്ക് കൂടാറുണ്ടോ? ഉണ്ടെങ്കിൽ അങ്കമാലി അഡ്ലക്സിൽ അടുക്കെ ഒരു പരിപാടി ഉണ്ട്. വരണം എന്നാണ് ഞങ്ങളുടെ ആഗ്രഹം.. വരണം.. "
അഡ്ലക്സിൽ സിനിമക്കാരും പാട്ടുകാരും പിന്നെ ഉന്നതരായ രാഷ്ട്രീയനേതാക്കളും വന്ന് നിറഞ്ഞുകവിയുമ്പോൾ യുവാവ് അറിയുന്നു 'ഇത് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ മകന്റെ വിവാഹസൽക്കാരവിരുന്നാ'ണെന്ന്. ഫ്രാൻസിസ് സേവ്യറും ബിജേഷ് കൃഷ്ണയും ഒക്കെ സമ്പന്നമാക്കിയ സംഗീതപരിപാടിയിൽ എന്നത്തേയും പോലെ മിന്നിത്തിളങ്ങി, മാന്ത്രികവിരലുകളാൽ പിയാനോയിൽ വിസ്മയമൊരുക്കി ആ യുവാവ്. ഹൃദയങ്ങളിൽ സംഗീത തൂമഴയായി പെയ്തിറങ്ങിയ ആ കലാകാരൻ ഇതാ ഈ ദളത്തിലൂടെ...

അമൽവിനോദ് കെ സണ്ണി,
സൗത്ത് ഇന്ത്യൻ ബാങ്ക്,
കൊരട്ടി ശാഖ.

തൃശ്ശൂർ ചിയ്യാരം സ്വദേശികളായ കെ പി സണ്ണിയുടേയും എൽസി സണ്ണിയുടെയും രണ്ട് മക്കളിൽ ഇളയവൻ. അപ്പച്ചൻ ഒമാനിൽ പ്രതിരോധവകുപ്പിൽ ആയിരുന്നു. കുട്ടിക്കാലത്ത് എപ്പോഴും സ്യൂട്ട്കേസ് എടുത്ത് വച്ച് പിയാനോ വായിക്കുന്ന കുഞ്ഞ് അമലിനെ ചേട്ടനൊപ്പം തൃശ്ശൂർ ചേതന മ്യൂസിക് അക്കാദമിയുടെ ഡയറക്ടർ റവ. ഫാദർ തോമസ് ചക്കാലമറ്റത്തിന്റെ കൈകളിൽ ഏൽപ്പിച്ച അമ്മച്ചിയോടുള്ള കടപ്പാട് വിവരിക്കുമ്പോൾ അമലിന്റെ വാക്കുകളിൽ സ്നേഹം നിറഞ്ഞുതുളുമ്പി. അതിനേക്കാൾ മാധുര്യം നിറഞ്ഞത് അപ്പച്ചന്റെ അസാന്നിദ്ധ്യത്തിൽ തന്നെയും ജ്യേഷ്ഠനേയും സ്നേഹവാത്സല്യങ്ങളുടെ കരുതൽ നൽകി പ്രോത്സാഹിപ്പിച്ച അപ്പാപ്പനെയും അമ്മാമ്മയെയും കുറിച്ച് പറഞ്ഞപ്പോഴായിരുന്നു.

കുരിയച്ചിറ സെയിന്റ് പോൾസിൽ നാല് വരെ, കുരിയച്ചിറ സെയിന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറിയിൽ പത്ത് വരെ, എൽത്തുരുത്ത് സെയിന്റ് അലോഷ്യസിൽ പ്ലസ് ടു വരെ.. അതായിരുന്നു സ്കൂൾ വിദ്യാഭ്യാസം. അക്കാലത്ത് വൃന്ദവാദ്യം, ശാസ്ത്രീയസംഗീതം, ലളിതഗാനം, സമൂഹഗാനം തുടങ്ങിയ ഇനങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്നു അമൽ. ഒരു തവണ ശാസ്ത്രീയസംഗീതത്തിനും, ലളിതഗാനത്തിനും ജില്ലാതലത്തിൽ ഒന്നാം സമ്മാനം കിട്ടിയിട്ടുമുണ്ട്. പ്ലസ് ടു കാലഘട്ടത്തിൽ ആണ് പാശ്ചാത്യസംഗീതലോകത്തേക്ക് അമൽ കടക്കുന്നത്.

സെയിന്റ് തോമസ് കോളേജിൽ ആയിരുന്നു ബിരുദപഠനം. കോളേജ് കാലത്താണ് തന്റെ ഇഷ്ടമേഖലകളിലേക്ക് കൂടുതൽ കടന്നുചെല്ലാനായത് എന്ന് അമൽ പറയുന്നു. ഹാർമോണിയത്തിലെ പാശ്ചാത്യസംഗീതവിഭാഗത്തിൽ അമൽ കോളേജിൽ ഒന്നാം സ്ഥാനം നേടി ഒപ്പം ഇന്റർസോൺ വിജയിയുമായി. കൂടാതെ
സൗത്ത് സോണിൽ വെസ്റ്റേൺ ബാൻഡിന് ഒന്നാം സമ്മാനം, ദേശീയതലത്തിൽ രണ്ടാം സമ്മാനം ഒക്കെ കോളേജ് കാലഘട്ടത്തിന്റെ നേട്ടങ്ങളാണ്.

കുട്ടിക്കാലം മുതൽ പള്ളി കൊയറിൽ പങ്കെടുത്തിരുന്ന അമൽ ഇക്കാലത്ത് പുത്തൻപള്ളിയിലെ കൊയർ ഗ്രൂപ്പിന്റെ അവിഭാജ്യഘടകമായി മാറി. ചേതനയിലെ തന്റെ സീനിയർ ആയിരുന്ന സ്റ്റീഫൻ ദേവസ്സിയും വില്യം ഫ്രാൻസിസും ('കെട്ട്യോളാണ് എന്റെ മാലാഖ'യുടെ സംഗീതസംവിധായകൻ) കീബോർഡും പിയാനോയും കൈകാര്യം ചെയ്യുമ്പോൾ അമൽ പാട്ടുകാരന്റെ വേഷത്തിൽ ആയിരുന്നു. സ്റ്റീഫൻ ദേവസ്സിയും വില്യം ഫ്രാൻസിസും പരിപാടികളും ചാനലുകളുമായി സജീവമായപ്പോൾ പള്ളി കൊയറിലെ പ്രമുഖമായ പിയാനോക്കാരന്റെ സ്ഥാനം കൈമാറിക്കിട്ടിയത് തനിക്കാണ് എന്നത് ഇന്നും തന്നെ അമ്പരപ്പിക്കാറുണ്ട് എന്ന് അമൽ വിനയത്തോടെ ഓർക്കുന്നു.

ചേതന മ്യൂസിക് അക്കാദമിയിൽ നിന്നും ലഭിച്ച പാഠങ്ങൾ തേച്ചുമിനുക്കി എടുക്കാൻ മതിയായ അവസരങ്ങൾ നൽകിയത് ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും വർഷിച്ച പുത്തൻപള്ളിയാണെന്ന് അമൽ ഉറച്ച് വിശ്വസിക്കുന്നു.

ബിരുദപഠനശേഷം സെയിന്റ് ആൽബർട്സിൽ എം ബി എക്ക് ചേർന്ന അമലിന് പഠനത്തിനിടയിൽ ആണ് സൗത്ത് ഇന്ത്യൻ ബാങ്കിൽ ജോലി കിട്ടുന്നത്. ബാങ്കിന്റെ കുമ്പനാട് ശാഖയിൽ, അവിടെ നിന്നും ഹെഡ് ഓഫീസിലേക്ക്. അവിടെ ജോലി ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് മാനേജർ ആയി സ്ഥാനക്കയറ്റം ലഭിക്കുന്നത്. മുളംതുരുത്തി ശാഖയിൽ ആയിരുന്നു ആദ്യനിയമനം, പിന്നീട് കാലടി, ചാലക്കുടി, പുതുക്കാട് ശാഖകൾ വഴി ഇന്നത്തെ കൊരട്ടിയിലേക്ക്.

ബാങ്കിലെ ജോലിക്കിടയിലും തന്റെ സംഗീതസപര്യക്ക് ഇടം കണ്ടെത്തുന്ന അമലിനെ തേടി പല മേഖലകളിൽ നിന്നും അവസരങ്ങൾ ഒഴുകിയെത്തി. ഓരോ ഇടത്തേയും പരിപാടികൾ തനിക്ക് പുതിയ വാതിലുകൾ തുറന്നിടാറുണ്ട് എന്ന് പറയുമ്പോൾ അമലിന്റെ വാക്കുകളിൽ സന്തോഷവും അഭിമാനവും തിളങ്ങി നിന്നു.

ധാരാളം ആൽബങ്ങളിൽ ഓർക്കസ്ട്രേഷൻ നൽകാനുള്ള അവസരം, ആത്മീയയാത്ര, ഷാലോം, ഡിവൈൻ ഗുഡ്നെസ്സ് തുടങ്ങിയ ചാനലുകളിൽ അവസരങ്ങൾ, കുബേരൻ, ടി ഡി ദാസൻ സ്റ്റാൻഡേർഡ് VI ബി, സെയിന്റ് ഡ്രാക്കുള 3ഡി, ട്രാൻസ് എന്നീ സിനിമകളിൽ കോറസ് പാടാനുള്ള അവസരം ഇതൊക്കെ തനിക്ക് ലഭിച്ച ഭാഗ്യങ്ങളാണെന്ന് അമൽ.

ശ്രീവത്സൻ ജെ മേനോൻ സംഗീതസംവിധാനം നിർവഹിച്ച് മലയാളസിനിമക്ക് അന്യമായ 12 പാർട്ട് ഹാർമണിയിൽ സംഗീതം ചിട്ടപ്പെടുത്തിയ 'സെയിന്റ് ഡ്രാക്കുള' ഓസ്കാർ നോമിനേഷൻ ലഭിച്ച ഒരു ചിത്രമാണെന്നതും അതിന്റെ ഒരു

ഭാഗമാകാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണെന്നും അമൽ വിലയിരുത്തുന്നു.

മുൻപ് സൂചിപ്പിച്ച പരിപാടിയെകൂടാതെ സിസ്റ്റർ ഏവുപ്രാസ്യയെയും ചാവറ അച്ചനെയും വിശുദ്ധരായി പ്രഖ്യാപിച്ച ചടങ്ങിന്റെ തുടർച്ചയായി അതിൽ പങ്കെടുത്തവർക്ക് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ദേശീയതലത്തിൽ എറണാകുളം രാജഗിരി കോളേജിൽ സംഘടിപ്പിക്കപ്പെട്ട വിശുദ്ധചടങ്ങിലെ സംഗീതവിഭാഗത്തിൽ പിയാനോ വായിക്കാൻ കിട്ടിയ അവസരത്തിന് ദൈവത്തോടാണ് നന്ദി പറയേണ്ടത് എന്ന് അമൽ. ക്രിസ്തീയ ഭക്തിഗാന മേഖലയിലെ അതുല്യപ്രതിഭകളായ കെസ്റ്റർ, വിൽസൺ പിറവം, എലിസബത്ത് രാജു, അൽഫോൺസ് ജോസഫ് തുടങ്ങിയവർക്കൊപ്പമായിരുന്നു അതെന്നത് അമലിന് ഏറെ സന്തോഷം പകരുന്നു.

സംഗീതലോകത്തെ പ്രഗത്ഭന്മാരായ ഫ്രാൻസിസ് സേവ്യർ (ഫ്ലവേർസ് ടി വി ഫെയിം), റിസൺ(കെ എസ് ചിത്രയുടെ ബാൻഡിലെ അംഗം) മനോജ് ജോർജ് (ഗ്രാമി അവാർഡ് നേടിയ ആദ്യമലയാളി), സംഗീതസംവിധായകരായ അൽഫോൻസ്, ഔസേപ്പച്ചൻ എന്നിങ്ങനെ നീളുകയാണ് അമൽ എളിമയോടെ തന്റെ സംഗീതസപര്യയിൽ ചേർത്ത് വയ്ക്കുന്ന പേരുകൾ. കണ്ടും കേട്ടും പ്രിയം തോന്നിയപ്പോൾ മകന്റെ വിവാഹസൽക്കാരത്തിന്റെ സ്വീകരണച്ചടങ്ങിലെ സംഗീതവിഭാഗ ചുമതല ഔസേപ്പച്ചൻ തന്നെ ഏൽപ്പിച്ചത് ഉള്ളിൽ അമൃത് നിറക്കുന്ന അനുഭവമാണ് അമലിന്.

പരിപാടികൾ അവതരിപ്പിക്കുന്നതോടൊപ്പം തന്റെ സംഗീതപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിലും അമൽ ശ്രദ്ധാലുവാണ്. ലോകത്തെ ഏറ്റവും പ്രമുഖങ്ങളായ സംഗീതവിദ്യാലയങ്ങളായ ലണ്ടൻ ട്രിനിറ്റി കോളേജ്, അമേരിക്കയിലെ ബെർക്ക്ലീ കോളേജ്, യേൽ യൂണിവേഴ്സിറ്റി, ഡ്യൂക്ക് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നൊക്കെ നിരവധി കോഴ്സുകൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് സ്വന്തമാക്കാൻ ഈ പ്രായത്തിനുള്ളിൽ അമലിന് കഴിഞ്ഞു.

നല്ലൊരു ഗായികയും മാള ഹോളി ഗ്രേസിലെ അധ്യാപികയുമായ വിധുവാണ് അമലിന്റെ ജീവിതരാഗത്തിന്റെ ശ്രുതി.
താമസിയാതെ വീട്ടിലേക്ക് വിരുന്നെത്തുന്ന സിംഫണിക്ക് കാത്തിരിപ്പാണ് ഈ സംഗീതകുടുംബം.

അമലിനൊപ്പം ചേതനയിൽ പഠിച്ചുവളർന്ന സഹോദരൻ അരുൺപ്രശാന്ത് പ്രഗത്ഭനായ ഗിറ്റാറിസ്റ്റ് ആണ്. 2012ൽ ദേശീയതലത്തിൽ പഞ്ചാബിൽ നടന്ന കേരളോത്സവത്തിൽ ഗിറ്റാറിന് ഒന്നാം സമ്മാനം അരുണിനായിരുന്നു.

വിനയം ഒരു സംഗീതജ്ഞന്റെ കഴിവുകൾക്ക് എത്രമേൽ അലങ്കാരം ആവും എന്നതിന് അമൽ ഒരു പാഠശാലയാണ്. നമ്മുടെ ടി ബി പ്രതിഭകളായ നന്ദുകൃഷ്ണനും ജാക്സണും ഒക്കെ അമലിനെക്കുറിച്ച് പറയാൻ നൂറ് നാവ്. പറഞ്ഞാൽ തീരാത്തതാണ് അമലിന്റെ കഴിവുകൾ എന്നും പിയാനോയുടെ ലോകത്ത് ഇനി വരാൻ ഇരിക്കുന്നത് അമലിന്റെ കാലമാണെന്നും സുഹൃത്തുക്കൾ. ഈ കലാകാരന് നിറഞ്ഞ കയ്യടിയോടെ നമ്മുടെ കൂട്ടായ്മയിലേക്ക് സ്വാഗതം.

**English Version**

Thrissur Puthanpalli – Our Lady of Dolours Basilica – had been equipped and groomed to receive the special guest.. none other than the revered Father, a representative of the Pope himself. Many renowned musicians arrived from far and wide to attend the choir. And who is to play the piano for the event? Why look further when there is an expert regular pianist!!

Once the programme got over, one musician went over to the youngster and asked, "do you perform at stage programmes? If interested there is a programme at Adlux. We wish you would come..” But only after seeing the convention centre throng with dignitaries from the film industry, singers and political leaders did he know he was to play for the grand wedding ceremonies of the opposition leader Ramesh Chennithala’s son.

In the musical extravaganza held by Francis Xavier and Bijesh Krishna, the young pianist created magic with his dancing fingers as usual. This enchanter is our Talented Banker today.

Amalvinod K Sunny
South Indian Bank
Koratti branch

He is the younger of the two sons of K.P.Sunny and Elsy Sunny of Chiyyaram, Thrissur. His father was in the Defence department in Oman. Seeing little Amal play- acting piano on a suitcase, his beloved mother put him and his brother in the hands of Thrissur Chethana music academy director Reverend father Thomas Chalakkamattathil. His words fill with love as he describes his grandparents who loved and cared him and his brother in their father’s absence.

His schooling was done till 4th standard from Kuriachira St. Paul’s, till 10th from Kuriachira St. Joseph Model Higher Secondary School and till 12th standard from Elthuruth St. Alosius school. During this period he regularly participated in Vrindavadyam, Carnatic music, light music and group music competitions and once won First prize in Carnatic music and light music at the district level youth festival. He got attracted to Western music during his +2 years.

He did his graduation from St.Thomas college. He slowly got deeply in love with his passion. He won first prize from college and also in the inter-zone competition in the Harmonium western music. He also won first prize in the South zone fest for Western band and second in the State level competition during his college years.

Amal, who was part of the church choir from childhood, became its soul by this time. He was the singer while his seniors in Chethana, Stephen Devassy and William Francis (music director for the movie ‘Ketyolanente maalakha' ) handled the keyboard and piano. Amal is humbled as he says how he was asked to play the piano for the church choir as Stephen Devassy and William Francis got busy with different stage shows and programmes in the TV channels. Amal strongly believes that his skills learned at Chethana got toned through the opportunities he got from the Puthanpalli.

While doing his MBA course from St. Albert’s, he got selected in the South Indian Bank. He joined the Kumbanad branch and then moved to the Head office from where he was promoted as Assistant Manager. He got posted to Mulamthuruthi branch, then to Kaladi, Chalakudi, Puthukkad branches and then to Koratti.

Amal who pursues his talents alongside his job, got many opportunities to showcase them. And he feels each programme gives him more avenues to traverse.

He chanced to do orchestration for various albums; got telecast in channels like Athmeeya yathra, Shalom, Divine Goodness; and was fortunate to sing in the chorus for movies like Kuberan, T.D Dasan Standard VI B, St. Dracula 3D and Trance.

He explains how lucky he was to be part of the ‘St. Dracula’, whose music director Sreevalsan created a 12 part harmony music for it which is not usual for Malayalam films, that won the Oscar nomination.

Amal also played piano for the Thanksgiving Holy Mass for St. Euprasia and Chavara Achan held at Rajagiri college, Ernakulam. He is thrilled as he mentioned the eminent musicians of Christian devotional songs, like Kester, Wilson Piravom, Elizabeth Raju and Alphonse Joseph who sang for the event.

Many famous names come up when we look at those who worked with Amal in various programmes.. Francis Xavier (Flowers TV fame), Rizon (K.S. Chitra's band member), Manoj George ( the only Malayali Grammy award winner), music directors Alphonse, Ousepachan.. It was a great experience for Amal when Ousepachan assigned him to take care of the music arrangements for the wedding reception of his son.

Amal is also a strenuous learner. Within such a short span of time, he attained certificates in various courses from the world famous Universities like London Trinity College, Berklee College of Music (America), Yale University and Duke University.

A wonderful singer and a teacher at the Mala Holy Grace, Vidhu, is Amal's wife. They are awaiting the birth of the symphony of their life.

His brother Arunprasanth is a famed guitarist. He won the first prize in the 2012 national-level Keralotsavam conducted in Punjab.

Amal teaches us how being humble makes his talents shine even more brilliantly. Our own Talented bankers Nandukrishnan and Jackson and many other friends proudly exclaim how wonderful he is with the piano, and that he is yet to prove his real mettle. We welcome Amal to our group and wish him great success.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Thiruvananthapuram Main Branch